"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - ജീവനക്കാര്യം - ശ്രീ. രജീഷ് റ്റി. ആർ. കെഎഎസ് (PEN : 365792) - ന് 2024-25 വർഷത്തെ ആർജ്ജിത അവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.214/2025/GAD തീയതി,തിരുവനന്തപുരം, 18-01-2025

പരാമർശം:-
1. സ.ഉ. (അ) നം. 23/2024/ധന തീയതി, 16.03.2024.
2. സ.ഉ. (അ) നം. 70/2024/ധന തീയതി, 16.08.2024.
3. ശ്രീ. രജീഷ് റ്റി.ആർ. കെഎഎസ് സമർപ്പിച്ച 23.08.2024 തീയതിയിലെ അപേക്ഷകൾ.
4. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 08.01.2025 - ലെ LB/866/2024-A1 നമ്പർ കത്ത്.

**ഉത്തരവ്**

ഡെപ്യൂട്ടി കളക്ടർ & കണ്ണൂർ സോണൽ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ ആയി സേവനമനുഷ്ഠിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. രജീഷ് റ്റി. ആർ. കെഎഎസ് (PEN : 365792) - ന് പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുന്നതിനായി 2024-25 വർഷത്തിലെ 5 ദിവസത്തെ ആർജ്ജിത അവധി 23.08.2024 തീയതി പ്രാബല്യത്തിൽ സറണ്ടർ ചെയ്യുന്നതിനും, 2024-25 വർഷത്തിലെ ബാക്കി വരുന്ന 25 ദിവസത്തെ ആർജ്ജിതാവധി 29.08.2024 തീയതി പ്രാബല്യത്തിൽ സറണ്ടർ ചെയ്ത് അപ്രകാരം ലഭിക്കുന്ന തുക പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് ടിയാളുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീ. രജീഷ് റ്റി. ആർ. കെഎഎസ്, ഡെപ്യൂട്ടി കളക്ടർ & ചെയർമാൻ, സോണൽ താലൂക്ക് ലാൻഡ് ബോർഡ്, കണ്ണൂർ.
കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം (അപേക്ഷകൾ പരിശോധനക്കുശേഷം തിരിച്ചയക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Binu Kumar N S

Date: 18-01-2025 16:38:48

സെക്ഷൻ ഓഫീസർ